റോഡ് സുരക്ഷാ സംവിധാനം ശക്തിപ്പെടുത്താൻ നടപടികൾ

*29 [29] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യേന വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾക്ക് പരിഹാരം കാണുന്നതിന് വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പോലീസ്, ഗതാഗതം, പൊതുമരാമത്ത് എന്നീ വിഭാഗങ്ങൾ റോഡ് സുരക്ഷയുടെ കാര്യത്തിൽ അനാസ്ഥ കാണിക്കുന്നതായി ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സംസ്ഥാനത്ത് റോഡ് സുരക്ഷാ സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച നിയമ നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) വിവിധ വകുപ്പുകളുടെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനും റോഡ് സുരക്ഷാ ബിൽ തയ്യാറായി വരുന്നുണ്ട്. വാഹന പരിശോധന കൂടുതൽ ശക്തമാക്കുന്നതിന് എല്ലാ ജില്ലകൾക്കും പ്രത്യേക സ്ക്വാഡുകൾ അനുവദിച്ചു. ലോറി, ബസ് തുടങ്ങിയ ഹെവി വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് അത്തരം വാഹനങ്ങളിൽ 1-12-2003-നു മുമ്പ് സ്പീഡ് ഗവർണർ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓവർ സ്പീഡും മദ്യപിച്ച് വാഹനം ഓടിക്കുന്നതും കണ്ടുപിടിക്കുന്നതിന് വേണ്ടി ബ്രീത്ത് അനലൈസറുകളും സ്പീഡ് ഡിറ്റക്ടിംഗ് റഡാറുകളും വാങ്ങുന്നതിനുള്ള നടപടി എടുത്തുവരുന്നു. റോഡ് സുരക്ഷാ അവബോധം ഉളവാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 10 സ്കൂൾ/കോളേജുകളിലായി റോഡ് സുരക്ഷാ ക്ലബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ വിദ്യാർത്ഥികളിൽ റോഡ് സുരക്ഷാ അവബോധം ഉളവാക്കുക എന്ന ഉദ്ദേശത്തോടെ സ്കൂൾ ക്ലാസുകളിലെ പാഠ്യപദ്ധതിയിൽ റോഡു സുരക്ഷാ പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. മേൽ ഉദ്ദേശത്തോടെ സംസ്ഥാനത്തെ 20 സ്കൂളുകളിൽ റോഡു സുരക്ഷാ മാജിക് ഷോ നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോലീസ്, ഗതാഗതം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ ഏകോപിച്ച് കൂടുതൽ ഊർജ്ജസ്വലമായും ശക്തമായും പ്രവർത്തിക്കുന്നതിന് റോഡ് സുരക്ഷാ ബിൽ തയ്യാറായി വരുന്നുണ്ട്.

(സി, ഡി) സ്വീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ബിൽ പ്രാബല്യത്തിൽ വരുന്നതോടെ കൂടുതൽ ഏകോപനം ഉണ്ടാകുന്നതാണ്.

ഭരണ നവീകരണ പരിപാടി

*30 [30] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണ നവീകരണ പരിപാടി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി വഴി സിവിൽ സർവ്വീസിൽ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) 26-11-2003-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നം. 345/03/പൊ.ഭ.വ. പ്രകാരം സർക്കാർ നവീകരണ പരിപാടിക്കുവേണ്ടിയുള്ള 93 ഉദ്യമങ്ങളുടെ വിശദമായ പ്രവർത്തന പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 16 വകുപ്പുകളും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റുമാണ് ഈ ഉദ്യമങ്ങൾ നടപ്പിലാക്കുന്നത്.

ഇതുകൂടാതെ സേവന പ്രദാനവുമായി ബന്ധപ്പെട്ട ഉദ്യമങ്ങളുടെ വേഗത്തിലുള്ള നിർവ്വഹണത്തിനായി 27-11-2003-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നം. 346/03/പൊ.ഭ.വ. പ്രകാരം ഒരു സേവന പ്രദാന പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാർ കേരളത്തിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് നൽകുന്ന സേവനത്തിന്റെ ഗുണനിലവാരം ഉയർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിക്കു കീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളെ സേവന പ്രദാനത്തിന്റെ കാര്യത്തിൽ മാതൃകകളായി വികസിപ്പിച്ചെടുക്കുന്നതാണ്.

(സി) പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചു കഴിഞ്ഞു.

(ഡി) ജീവനക്കാർക്കുള്ള പരിശീലനവും സംസ്ഥാന സിവിൽ സർവ്വീസിന്റെ മെച്ചപ്പെടുത്തലും ഉൾപ്പെടെ സിവിൽ സർവ്വീസ് കാര്യക്ഷമവും ജനോപകാരപ്രദവും ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഭരണ നവീകരണ പരിപാടിയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly